# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4562** **26.06.2014 ൽ മറുപടിക്ക്**

# റോഡ് വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന കേരള റോഡ് വികനപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) & ബി) | കെ എസ് ടി പി, RICK എന്നിവയുടെ കീഴിലാണ് റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽപ്പെടുത്തി 363 കി മീ ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ (9 പാക്കേജുകളായി) അന്താരാഷ്ട്ര നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുക, റോഡ് സുരക്ഷാക്രമീകരണങ്ങൾ ചെയ്ത് മറ്റ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുക, യാത്രാസമയം 20% കണ്ട് കുറയ്ക്കുക പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ | | റിക്കിന്റെ കീഴിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട എകദേശം 1100 കി മീ റോഡുകൾ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി കേരള റോഡ് ഇൻഫ്രാ സ്ട്രക്ചർ കമ്പനി എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ |

പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| സി | പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്നും വ്യക്തമാക്കുമോ? | സി) | റിക്കിന്റെ കീഴിൽ സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ **(SPV)** രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുന്ന റോഡുകൾ പി പി പി/ അന്യൂറ്റി രീതിയിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആധുനിക നിലവാരത്തിൽ വികസിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് കിട്ടിയ ഓഫറുകൾ സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ആലോചിച്ച് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി പരിശോധിച്ച് വരികയാണ്. അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തുന്ന റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഈ പദ്ധതി നടപ്പാക്കുന്ന ഏജൻസികളുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. ലോകബാങ്കിന്റെ സഹായത്തോടെയാണ് കെ.എസ്.ടി.പി പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ

*റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതി താഴെപ്പറയുന്നു.*

1. 27.76 കി.മീ ദൈർഘ്യമുള്ള കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൻെറ നിർമ്മാണ പ്രവൃത്തികൾ M/s.RDS Projects, Delhi എന്ന കമ്പനി 133.06 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്ത് 1.04.2013-ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. 24 മാസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി 2015 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതാണ്.
2. 20.90 കി.മീ ദൈർഘ്യമുള്ള പിലാത്തറ-പാപ്പിനിശ്ശേരി റോഡിൻെറ നിർമ്മാണ പ്രവൃത്തികൾ M/s.RDS Projects, Delhi എന്ന കമ്പനി 118.29 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്ത് 1.04.2013-ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. 24 മാസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി 2015 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതാണ്.
3. 53.12 കി.മീ ദൈർഘ്യമുള്ള തലശ്ശേരി-വളവുപാറ റോഡിൻെറ നിർമ്മാണ പ്രവൃത്തികൾ M/s. SACYR-ESSAR JV എന്ന കമ്പനി 234.99 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്ത് 6.05.2013-ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നു. 30 മാസം നിർമ്മാണ കാലാവധിയുള്ള ഈ റോഡിൻെറ നിർമ്മാണം 2015 ഡിസംബർ മാസം പൂർത്തിയാക്കുന്നതാണ്.
4. 43.65 കി.മീ ദൈർഘ്യമുള്ള എം.സി റോഡിൻെറ ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള റോഡിൻെറ നിർമ്മാണ പ്രവൃത്തിയുടെ റീടെണ്ടർ വിളിച്ചിരി ക്കുകയാണ്. 27.6.2014-ൽ ആണ് ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി. നിർമ്മാണം തുടങ്ങി 36 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.
5. 42 കി.മീ ദൈർഘ്യമുള്ള എം.സി റോഡിൻെറ ഏറ്റുമാനൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള റോഡിൻെറ നിർമ്മാണ പ്രവൃത്തി 171.49 കോടി രൂപയ്ക്ക് M/s.NAPC, Chennai എന്ന കമ്പനി 30.12.2013 ൽ എഗ്രിമെന്റ് വെച്ചു. 30 മാസം നിർമ്മാണ കാലാവധിയുള്ള റോഡ് വികസന പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു.
6. 50.23 കി.മീ ദൈർഘ്യമുള്ള പൊൻകുന്നം-തൊടുപുഴ റോഡിൻെറ നിർമ്മാണ പ്രവൃത്തിക്കുള്ള കരാർ 227.13 കോടി രൂപയ്ക്ക് M/s.GHV-EKK JV എന്ന കമ്പനി 5.5.2014ൽ എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവർത്തനത്തിൻെറ പ്രാരംഭ പണികൾ തുടങ്ങിയിട്ടുണ്ട്. 30 മാസം നിർമ്മാണ കാലാവധിയുള്ള ഈ റോഡ് നിർമ്മാണം 4.11.2016 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.
7. 2.3 കി.മീ ദൈർഘ്യമുള്ള തിരുവല്ല ബൈപ്പാസിൻെറ നിർമ്മാണ പ്രവൃത്തിയുടെ കരാർ 31.80 കോടി രൂപയ്ക്ക് M/s.EKK & Co എന്ന കമ്പനി 29.11.2013 ൽ എഗ്രിമെന്റ് വെച്ചു. 24 മാസം നിർമ്മാണ കാലാവധിയുള്ള ഈ വികസന പ്രവൃത്തിയുടെ പ്രാരംഭ പണികൾ തുടങ്ങിയെങ്കിലും നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ചെന്നൈയിൽ ഒരു ഭൂവുടമ ന ൽകിയ പരാതിയെത്തുടർന്ന് ഈ പ്രവൃത്തിയുടെ തൽസ്ഥിതി (Statusquo) തുടരാൻ ബഹു:ട്രൈബ്യൂണൽ ഉത്തരവ് നൽകിയതി നാൽ

പണികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ ഉത്തരവ് റദ്ദാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. 82 കി.മീ ദൈർഘ്യമുള്ള പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം PPP Annuity യിലാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ടിയുള്ള Transaction Advisory Consultant നെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. അതിനുശേഷം റോഡ് നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. 41 കി.മീ ദൈർഘ്യമുള്ള പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ച് വരികയാണ്. സ്ഥല മേറ്റെടുക്കൽ പ്രാരംഭ നടപടി ആരംഭിച്ചു.
10. കെ.എസ്.ടി.പി ഒന്നാം പദ്ധതിയിൽ പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട് റോഡ്, എം.സി റോഡിന്റെ തൈക്കോട് മുതൽ അടൂർ വരെയും ഒരു മോഡൽ റോഡ് സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിനു വേണ്ടി Road Safety Capacity Building and Programme Management Consultant നെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

S.O